**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5078** **04-07-2024 - ൽ മറുപടിയ്ക്ക്**

**ടീം വിമുക്തിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളോടനുബന്ധിച്ച് ടീം വിമുക്തി എന്ന പേരിൽ എന്തെല്ലാം കായിക പരിശീലനങ്ങളും മത്സരങ്ങളുമാണ് സംഘടിപ്പിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | വിമുക്തിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഫുട്ബോൾ, ഖൊഖൊ, വോളിബോൾ, ഹാന്റ് ബോൾ, നെറ്റ് ബോൾ എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അതിനോടനുബന്ധിച്ചുള്ള കായിക പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നാളിതുവരെ എത്ര സ്കൂളുകളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 1000 സ്കൂളുകളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പെൺകുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും പെട്ടെന്നുണ്ടാകുന്ന അപകടങ്ങളിൽ നിന്നും ആക്രമണങ്ങളിൽ നിന്നും രക്ഷനേടുന്നതിനും സ്വയം പ്രതിരോധം തീർക്കുന്നതിനും ആവശ്യമായ പരിശീലനം നൽകാറുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ എത്ര പെൺകുട്ടികൾക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | 138 സ്കൂളുകളിലായി ഏകദേശം 6900 പെൺകുട്ടികൾക്ക് വിമുക്തിയുടെ ആഭിമുഖ്യത്തിൽ സ്വയം രക്ഷാ പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും Adolescence Awareness Programme എന്ന പദ്ധതിയുടെ ഭാഗമായി കൗമാര ക്ലബ്ബുകൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള<br><br>അതിക്രമങ്ങൾ തടയുന്നതിനായി self defence നു വേണ്ടി കരാട്ടെ, കളരി, കുങ്ഫു എന്നിവയുടെ പരിശീലനവും പ്രോത്സാഹിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ